ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ ഇതിനോടകം തന്നെ ചില പദ്ധതികളുടെ നിർവ്വഹണം ആരംഭിച്ചിട്ടുമുണ്ട്. പോലീസിന്റെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റി പോലീസിന് പൊതുജനങ്ങളുമായി ആശയവിനിമയം നടത്തുന്നതിനും പൊതു ജനങ്ങളുടെ പരാതികൾ/അപേക്ഷകൾ എന്നിവയിൽ കൈക്കൊള്ളുന്ന നടപടിയുടെ പുരോഗതി അറിയാനുമായി ഒരു ജാലിക (website) ഇതിനോടകം തന്നെ ഏർപ്പെടുത്തിക്കഴിഞ്ഞു. കൂടാതെ ജില്ലാ കളക്ട്രേറ്റുകളുടെ പ്രവർത്തനം കമ്പ്യൂട്ടർവല്ക്കരിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് പാലക്കാട് ജില്ലാ കളക്ട്രേറ്റിൽ തുടക്കം കുറിച്ചിട്ടുണ്ട്. സർക്കാർ നടപടിക്രമങ്ങളും ചട്ടങ്ങളും ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്.

(ബി) ഭരണ നവീകരണ പരിപാടി എ. ഡി. ബി.-യുടെ പദ്ധതിയല്ല മറിച്ച് ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ഒരു പദ്ധതിയാണ്. ഈ പദ്ധതിയുടെ എല്ലാ വിശദാംശങ്ങളും ഭരണ നവീകരണ പരിപാടിയുടെ ഔദ്യോഗിക ജാലികയായ (website) www.keralamgp.org-ൽ ലഭ്യമാണ്.

(സി) പൊതുഭരണം (സെക്രട്ടറിയേറ്റ്), റവന്യൂ (കളക്ട്രേറ്റ്), പോലീസ്, വ്യവസായം തുടങ്ങിയ വകുപ്പുകളിൽ നവീകരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ഡി) ഉദ്ദേശിക്കുന്നില്ല.

(ഇ) ദരിദ്ര ജനവിഭാഗങ്ങൾ, സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുന്ന മേഖലകൾ എന്നിവയിലേക്ക് കാര്യക്ഷമമായ സർക്കാർ സേവനങ്ങൾ ഉറപ്പാക്കുക എന്നതിനാണ് സർക്കാർ നവീകരണ പരിപാടിയിൽ മുൻഗണന നൽകുന്നത്.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ

11 [3381] ശ്രീ. എ. പി. അനിൽകുമാർ:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണ ണെന്ന് ശുപാർശയുണ്ടെന്നും അതനുസരിച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്നും ഏതെങ്കിലും സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം സംഘടനകൾ എന്ന് അറിയിക്കാമോ;

(സി) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്;

(ഡി) ഈ ശുപാർശകളിന്മേൽ ഗവൺമെന്റിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ; എങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന് പ്രത്യേകമായി ശുപാർശ ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത റിപ്പോർട്ടിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന് ശുപാർശയുണ്ടെന്നും അതനുസരിച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്നും പിന്നോക്ക സമുദായ ഐക്യമുന്നണി, കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ, മുസ്ലീം ലീഗ് മുതലായ സംഘടനകൾ ആവശ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വെച്ചിട്ടുണ്ട്.

(ഡി) സർക്കാർ പരിശോധിച്ചുവരുകയാണ്.

അടിസ്ഥാന ശമ്പളം മാത്രം നൽകിയിരുന്ന ജീവനക്കാർക്ക് മറ്റാനുകൂല്യങ്ങൾ നൽകാൻ നടപടി

12 [3382] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 16-1-2002-നു ശേഷം വിവിധ വകുപ്പുകളിൽ പി. എസ്. സി. വഴി നിയമനം ലഭിച്ച ജീവനക്കാർക്ക് അടിസ്ഥാന ശമ്പളം മാത്രമാണോ നൽകിയിരുന്നത്;

(ബി) അവർക്ക് എന്നു മുതലാണ് ഡി. എ. ഉൾപ്പെടെ മറ്റ് ആനുകൂല്യങ്ങൾ നൽകി വരുന്നത്;

(സി) 16-1-2002-നുശേഷം നൽകാതിരുന്ന ഡി. എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ കുടിശ്ശിക നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-5-2003 വരെ അടിസ്ഥാന ശമ്പളമാണ് നൽകിയിരുന്നത്.

(ബി) 1-6-2003 മുതൽ.

(സി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly